©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2023 ഏപ്രിൽ 17<br>17th April 2023<br>1198 മേടം 3<br>3rd Medam 1198<br>1945 ചൈത്രം 27<br>27th Chaithra 1945 | നമ്പർ<br>No. 1345 |


തൃശൂർ മുനിസിപ്പൽ കോർപറേഷൻ

വിജ്ഞാപനം

ഡിഡബ്ല്യു7-59191/18 2023 ഏപ്രിൽ 17

2016 ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ട് (2016 –ലെ 9) 36-ആം വകുപ്പ് (4)ആം ഉപ വകുപ്പ് പ്രകാരം തൃശൂർ മുനിസിപ്പൽ കോർപറേഷൻ പ്രദേശത്തിന് വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ് ഫാറം 4 ൽ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി
തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – IV

[ചട്ടം 19(2) കാണുക]

## തൃശൂർ മുനിസിപ്പൽ കോർപറേഷൻ

## 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9)36-ആം വകുപ്പിന്റെ4- ആം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെപ്പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ തൃശൂർ മുനിസിപ്പൽ കോർപറേഷൻ പരിഷ്ക്കരണങ്ങളോട് കൂടി സ്വീകരിച്ചത്, തൃശൂർ മുനിസിപ്പൽ കോർപറേഷന്റെ ഔദ്യോഗിക വെബ്സൈറ്റായ https://thrissurcorporation.lsgkerala.gov.in-ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9)36-ആം വകുപ്പ്(4)-ആം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് - കോലഴി, മുളംകുന്നത്ത്കാവ്, മാടക്കത്തറ ഗ്രാമപഞ്ചായത്തുകൾ

കിഴക്ക് - പാണഞ്ചേരി, നടത്തറ, പുത്തൂർ ഗ്രാമപഞ്ചായത്തുകൾ

തെക്ക് - പാറളം, അവിണിശ്ശേരി, വല്ലച്ചിറ, നെന്മണിക്കര ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ് - അടാട്ട്, അരിമ്പൂർ ഗ്രാമപഞ്ചായത്തുകൾ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ:

1. തേക്കിൻകാട് മൈദാൻ
2. എക്സിസ്റ്റിങ് ഷൊർണൂർ റോഡ് ഏരിയ
3. ഷൊർണൂർ ബൈപാസ് റോഡ് ഏരിയ
4. നോർത്ത് റിംഗ് റോഡ്(പാർട്ട്-I । ) ഏരിയ
5. റിംഗ് റോഡ് ഈസ്റ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ഇരട്ടച്ചിറ-ചെട്ടിയങ്ങാടി ഏരിയ
7. സൗത്ത്-വെസ്റ്റ് സ്വരാജ് റൌണ്ട് ഏരിയ
8. എം ജി റോഡ് ഏരിയ
9. വെസ്റ്റ് റിംഗ് റോഡ്
10. കണ്ണംകുളങ്ങര ഏരിയ
11. കണ്ണംകുളങ്ങര എക്സ്റ്റൻഷൻ (സൗത്ത്-വെസ്റ്റ്)
12. ജംക്ഷൻ ഇമ്പ്രൂവ്മെന്റ് ഓഫ് അരണാട്ടുകര

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ:

ബാധകമല്ല. 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ 62(3) വകുപ്പ് പ്രകാരം ഒരു പ്രദേശത്ത് അനുമതി ലഭിച്ച മാസ്റ്റർ പ്ലാനും പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, അനുമതി ലഭിച്ച മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾക്കുമേൽ നിലനിൽക്കുന്നതാണ്.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണം സഹിതം വിശദീകരിക്കുക:

1. തേക്കിൻകാട് മൈദാൻ
2. എക്സിസ്റ്റിങ് ഷൊർണൂർ റോഡ് ഏരിയ
3. ഷൊർണൂർ ബൈപാസ് റോഡ് ഏരിയ
4. നോർത്ത് റിംഗ് റോഡ്(പാർട്ട്-I I ) ഏരിയ
5. റിംഗ് റോഡ് ഈസ്റ്റ്
6. ഇരട്ടച്ചിറ-ചെട്ടിയങ്ങാടി ഏരിയ
7. സൗത്ത്-വെസ്റ്റ് സ്വരാജ് റൌണ്ട് ഏരിയ
8. എം ജി റോഡ് ഏരിയ
9. വെസ്റ്റ് റിംഗ് റോഡ്
10. കണ്ണംകുളങ്ങര ഏരിയ
11. കണ്ണംകുളങ്ങര എക്സ്റ്റൻഷൻ (സൗത്ത്-വെസ്റ്റ്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12.ജംക്ഷൻ ഇമ്പ്രൂവ്മെന്റ് ഓഫ് അരണാട്ടുകര

നിലവിലെ അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതികൾ അവയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതും കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാവേണ്ടതുമാണ്. നിലവിലെ വികസന സാഹചര്യത്തിന് അനുസൃതമായി വിശദനഗരാസൂത്രണ പദ്ധതിയിലെ നടപ്പിലാക്കാൻ സാധ്യമാവുന്ന വിഭാവനങ്ങൾ മാസ്റ്റർ പ്ലാനിൽ പരിഗണിച്ചിട്ടുള്ളതാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് മേൽപറഞ്ഞ വിശദ നഗരാസൂത്രണ പദ്ധതികൾ റദ്ദ് ചെയ്യുന്നതിനുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ ശുപാർശ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്. മാസ്റ്റർ പ്ലാൻ റിപ്പോർട്ടിലെ അധ്യായം 29-ൽ ആയത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

ബാധകമല്ല

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി തൃശൂർ മുനിസിപ്പൽ കോർപറേഷൻ ഓഫീസിൽ ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം തൃശൂർ മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറിക്കു രേഖാമൂലം എഴുതി നൽകാവുന്നതാണ്.

| (ഒപ്പ്) | (ഒപ്പ്) |
|---|---|
| സെക്രട്ടറി | മേയർ |

സ്ഥലം: തൃശൂർ

തീയതി: 17/04/2023

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.04.17 03:19:18 +05:30